## ലൈഫ് മിഷൻ വെബ്സൈറ്റ് നിർദ്ദേശങ്ങൾ ഭാഗം 3

**പട്ടികയിൽ നിന്നും അനർഹരെ ഒഴിവാക്കുന്നതു സംബന്ധിച്ച്**

ലൈഫ് മിഷൻ വെബ്സൈറ്റിൽ 15/07/2017 ഇൽ ലഭ്യമാക്കിയ അർഹരായവരുടെ പട്ടികയിൽ നിന്നും Appeal and Scrtiny committee അനർഹരാണെന്ന് കണ്ടെത്തിയവരെ Reject Option ഉപയോഗിച്ച് ഒഴിവാക്കി പട്ടിക അംഗീകരിക്കേണ്ടതാണ്.

ഇത്തരത്തിൽ പട്ടിക അംഗീകരിച്ചാൽ മാത്രമേ അപ്പീൽ വിവരങ്ങൾ ലൈഫ് വെബ്സൈറ്റിൽ എന്റർ ചെയ്യുവാൻ സാധിക്കുയുള്ളു

**ലൈഫ് മിഷൻ വെബ്സൈറ്റിൽ സാധ്യത പട്ടിക അംഗീകരിച്ച് ശേഷം ചെയ്യേണ്ട നിർദ്ദേശങ്ങൾ**

സാധ്യത പട്ടിക അംഗീകരിച്ചു കഴിഞ്ഞാൽ ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ ഗുണഭോക്തൃ പട്ടിക എന്ന മെനുവിൽ ലഭ്യമാകുന്നതാണ്.


ഈ പട്ടികയിലേയ്ക്ക് ഗുണഭോക്താക്കളെ ഉൾപ്പെടുത്താൻ സാധ്യമല്ല. എന്നാൽ പരിശോധനയിൽ അല്ലെങ്കിൽ അപ്പീൽ കാലയളവിൽ അയോഗ്യനാണെന്ന് കണ്ടെത്തുന്ന പക്ഷം മുൻ കലയളവിൽ ചെയ്തിരുന്നതു പോലെ Reject button ഉപയോഗിച്ച് ഗുണഭോക്തൃ പട്ടികയിൽ നിന്നും നീക്കം ചെയ്യവുന്നതാണ്.

**അപ്പീൽ കാലയളവിൽ ലഭ്യമാകുന്ന പരാതികൾ ലൈഫ് മിഷൻ വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്ന വിധം**

**അപ്പീൽ രണ്ട് തരത്തിൽ ലഭ്യമാകാംനൽകുന്നവർ രണ്ട് തരത്തിലാകാം**

1. **സർവ്വേയിൽ നേരത്തേ ഉൾപ്പെട്ടവർ എന്നാൽ പല കാരണങ്ങളാൽ ഒഴിവാക്കപ്പെട്ടവർ**
2. **സർവ്വെയിൽ ഉൾപ്പെടാത്തവർ**

മേല്പ്പറഞ്ഞ രണ്ട് സാഹചര്യങ്ങളിലും .അപ്പീൽ നല്കുന്ന വ്യക്തിയുടെ പേര്, Ration card എന്നിവ വെവ്വേറെയായി Administration menu ൽ തിരയുക എന്ന Option ഉപയോഗിച്ച് പ്രസ്തുത കുടുംബം സർവെയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുക.





**1 സർവ്വേയിൽ നേരത്തേ ഉൾപ്പെട്ടതും എന്നാൽ പല കാരണങ്ങളാൽ ഒഴിവാക്കപ്പെട്ടവർ അപ്പീൽ നല്കിയാൽ**


പ്രസ്തുത അപ്പീൽ Appeal and Scrtiny committee മുൻപാകെ സമർപ്പിക്ക കയും ഫീൽഡ് തല പരിശോധനയിലൂടെ യോഗ്യരാണെന്ന് ബോധ്യപ്പെടുകയും ചെയ്യേണ്ടതാണ്. ഇത്തരത്തിൽ ഏതെങ്കിലും കുടുംബം യോഗ്യരാണെന്ന് ബോധ്യപ്പെടുന്ന പക്ഷം ലൈഫ് വെബ്സൈറ്റിൽ പ്രസ്തുത കുടുംബങ്ങളുടെ വിവരങ്ങളിൽ ആവശ്യമായ മാറ്റം വരുത്തി Submit ചെയ്യേണ്ടതാണ്. എന്നാൽ അയോഗ്യരാണെന്ന് ബോധ്യമാകുന്നരുവടെ വിവരങ്ങൾ (പേര്, വിലാസം, Ration Card No, അയോഗ്യരായതിന്റെ കാരണം എന്നീ വിവരങ്ങൾ Excel Fileൽ രേഖപ്പെടുത്തി സൂക്ഷിച്ചാൽ മതിയാകും. ലൈഫ് വെബ്സൈറ്റിൽ എന്റെർ ചെയ്യേണ്ടതില്ല.

**കുടുംബങ്ങളുടെ വിവരങ്ങളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനായി**

- Administration മെനുവിൽ **കുടുംബങ്ങളൂടെ വിവരങ്ങൾ തിരുത്തുക** എന്ന option ൽ ക്ലിക്ക് ചെയ്യുക
  - ലഭ്യമാകുന്ന page ൽ വാർഡ് തിരഞ്ഞെടുക്കുക





  - പട്ടികയിൽ നിം തിരുത്തൽ വരുത്തേണ്ട വ്യക്തിയുടെ പേരിന് നേരെയുള്ള സർവ്വേ കോഡിൽ ക്ലിക്ക് ചെയ്യുക




| Survey Code | Name | Address | Ration card |
|---|---|---|---|
| LF0001854/4/386/3 | ASHA | THAZHATHU PULLATTE,VELLIYARA | 1315052219 |
| LF0002010/4/386/3 | BINDHU OMANAKUTTAN | PUTHANPARAMPIL,VELLIYARA | 1315002236 |
| LF0002252/4/386/3 | A P SARASWATHY | AADIYAANIL VEEDU,VELLIYARA | 1315002354 |
| LF0002351/4/386/3 | CHERIYAN ABRAHAM | THANNIKKAL AADIYANIL,VELLIYARA | 1315002891 |
| LF0002525/4/386/3 | RAMANI N GOPI | PUTHIYATHU,VELLIYARA | 1315004231 |

  - അപ്പീൽ നമ്പർ, അപ്പീൽ തീയതി, ആപ്പീൽ തീരുമാനം എന്നീ വിവരങ്ങൾ ചേർത്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തുക




- ഒരു കുടുംബം നിലവിൽ താമസിക്കുന്നതും സ്വന്തമായി ആകെ ഉള്ളതുമായ ഭവനം, തടി അല്ലെങ്കിൽ ഷീറ്റ് ഉപയോഗിച്ച് നിർമ്മിച്ച മേല്ക്കൂരയും ചുമരും ഉള്ളതായിരിക്കുകയും എന്നാൽ സർവ്വേയിൽ വീട് ഉണ്ട് എന്ന് വിവരം നൽകുകയും ചെയ്തിട്ടുള്ള പക്ഷം ഗുണഭോക്തൃ പട്ടികയിൽ ഭവനം ഉണ്ടെന്ന കാരണത്താൽ ഒഴിവാക്കിയിട്ടുണ്ട്.

- ഇത്തരം കുടുംബങ്ങൾ അപ്പീൽ നൽകുന്ന വേളയിൽ കുടുംബങ്ങളൂടെ വിവരങ്ങൾ തിരുത്തുക എന്ന **Option** ഉപയോഗിച്ച് പ്രസ്തുത കുടുംബത്തിന്റെ വിവരങ്ങളിൽ ''**Whether own any House or in the name of family members**'' എന്ന ചോദ്യത്തിന്റെ ഉത്തരം ''No'' എന്ന് നൽകേണ്ടതാണ്. കൂടാതെ **Type of Ownership of presently living house** എന്ന ചോദ്യത്തിനുത്തരമായി ''**Wood/Sheet Structure Owned**' നൽകുകയും ചെയ്യുക.

**സർവ്വേയിൽ ഉൾപ്പെട്ടിട്ടില്ലത്ത കുടുംബം യോഗ്യരാണെന്ന് അപ്പീൽ പരിശോധനയിലൂടെ ബോധ്യപ്പെടുന്ന പക്ഷം**

1. Adminstration menuവിൽ **പുതിയ ഫാമിലിയെ ചേർക്കുക** എന്ന ഓപ്ഷൻ ഉപയോഗിച്ച് ഭൂരഹിത ഭവനരഹിതന്റേയും/ഭൂമിയുള്ള ഭവനരഹിതന്റേയും സർവ്വെ വിവിരങ്ങൾ എന്റർ ചെയ്യവുന്നതാണ്.
2. വിവരങ്ങൾ തിരുത്തുന്ന വേളയിലും പുതുതായി ചേർക്കുന്ന വേളയിലും അപ്പീൽ നമ്പർ, അപ്പീൽ തീയതി, ആപ്പീൽ തീരുമാനം എന്നീ വിവരങ്ങൾ ലൈഫ് മിഷൻ വെബ്സൈറ്റിൽ എന്റർ ചെയ്യേണ്ടതാണ്.
3. MIS ൽ ലഭ്യമാകിയിട്ടുള്ള മറ്റ് ഓപ്ഷനുകൾ സംബന്ധിച്ച വിശദാംശങ്ങൾ Adminstration menuവിൽ ഫോമുകൾ/ നിർദ്ദേശങ്ങൾ എന്ന മെനുവിൽ ലഭ്യമാണ്.
4. **ഭൂമി ലഭ്യതയുടെ വിവരങ്ങളിൽ മാറ്റം വരഹുത്തുന്നതിനായി**

   Adminsitration menuൽ ഭൂമി ലഭ്യതാ വിവരങ്ങൾ മാറ്റം വരുത്തുക എന്ന Option ഉപയോഗിക്കുക
5. **അപൂർണ്ണങ്ങളായ വിവരങ്ങൾ ഉള്ള സർവ്വെ ഫോമുകളിലെ വിട്ടുപോയ വിവരങ്ങൾ മാത്രം എന്റെർ ചെയ്യുന്നതിനായി**

   Adminsitration menuൽ **വിട്ടുപോയ വിവരങ്ങൾ ചേർക്കുക** എന്ന ഓപ്ഷൻ ഉപയോഗിക്കുക

| |
|---|
| ലൈഫ് മിഷൻ വെബ്സൈറ്റ് സംബന്ധിച്ച് ഉള്ള പരാതികൾ/ സംശയങ്ങൾ uhmkerala@gmail.com എന്ന ഈ മെയിൽ വിലാസത്തിൽ<br>ലൈഫ് മിഷൻ വെബ്സൈറ്റ് user id, password, പരാതി സംബന്ധിച്ച വിശദാംശങ്ങൾ, സ്ഥാപനത്തിലെ ബന്ധപ്പെടേണ്ട വ്യക്തിയുടെ mob.No സഹിതം അയക്കുക |